# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2736 06.02.2018 -ലെ മറുപടി

### നെയ്യാർഡാം നീന്തൽകുളം

**ചോദ്യം**

ശ്രീ. കെ.എം.ഷാജി

**മറുപടി**

മാത്യു ടി. തോമസ്

ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | 2015-2018 കാലയളവിൽ നെയ്യാർഡാം നീന്തൽകുളത്തിൽ പരിശീലനം നടത്തുന്നതിനിടയിൽ എത്രപേർക്കാണ് അപകടമരണമുണ്ടായതെന്ന് വ്യക്തമാക്കാമോ; | എ) & ബി) | നെയ്യാർഡാം നീന്തൽകുളത്തിൽ പരിശീലനം നടത്തുന്നില്ല. ആ നിലയിൽ അപകടമരണമുണ്ടായിട്ടില്ല. കുളത്തിൽ നീന്തുന്നതിനിടയിൽ 2 പേർ അപകടത്തിൽ പെട്ട് മരണപ്പെട്ടിട്ടുണ്ട്. ജലവിഭവ വകുപ്പ് നഷ്ടപരിഹാരം നൽകിയിട്ടില്ല. |
| ബി) | ഇത്തരത്തിൽ മരണപ്പെട്ടവരിൽ എത്രപേരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | | |
| സി) | നെയ്യാർഡാം നീന്തൽകുളത്തിൽ പരിശീലനത്തിനായി എത്തുന്നവരുടെ സുരക്ഷയ്ക്കായി എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | സി) | ലൈഫ് ഗാർഡിന്റെ സാന്നിദ്ധ്യത്തിൽ മാത്രമേ നീന്തൽകുളം തുറക്കാറുള്ളൂ. കൂടാതെ ലൈഫ് ബോയിയെ സുരക്ഷയ്ക്കായി ക്രമീകരിച്ചിട്ടുണ്ട്. |
| ഡി) | പ്രസ്തുത നീന്തൽകുളത്തിൽ പരിശീലകനെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | പരിശീലകനെ നിയമിച്ചിട്ടില്ല. 2012 മുതൽ നീന്തൽകുളത്തിൽ സുരക്ഷക്കായി ലൈഫ് ഗാർഡിനെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ